(ബി) പഠന റിപ്പോർട്ട് ലഭിച്ചില്ലെങ്കിൽ അത് വൈകുന്നതിന് കാരണമെന്താണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ വിഷയം സംബന്ധമായ ഒരു മീറ്റിംഗ് വിളിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) ഈ വിഷയത്തിൽ എന്ത് തുടർനടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മുതലപ്പൊഴി ഫിഷിംഗ് ഹാർബറിന്റെ പ്രവേശന ഭാഗങ്ങളിൽ മണ്ണ് അടിയുന്ന അവസ്ഥ ഒഴിവാക്കാനുള്ള പഠനം പുനയിലെ കേന്ദ്രസർക്കാരിന്റെ CWPRS എന്ന സ്ഥാപനത്തിൽ നടത്തിയതിന്റെ റിപ്പോർട്ട് ലഭിച്ചു. പ്രസ്തുത റിപ്പോർട്ടിൽ നിലവിലുള്ള ബ്രേക്ക്‌വാട്ടറുകൾ രണ്ടും ചെറിയ ദിശാ മാറ്റത്തോടെ നീട്ടാൻ നിർദ്ദേശിച്ചിട്ടുണ്ട്. വടക്കേ ബ്രേക്ക്‌വാട്ടർ 240 മീറ്ററും തെക്കേ ബ്രേക്ക്‌വാട്ടർ 330 മീറ്ററും നീട്ടാനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

(ബി) ബാധകമല്ല.

(സി) CWPRS എന്ന സ്ഥാപനത്തിൽ നിന്നും പഠന റിപ്പോർട്ട് ലഭ്യമായതിനാൽ ഇപ്പോൾ മീറ്റിംഗ് വിളിക്കുന്നതിന് പ്രസക്തിയുണ്ടെന്ന് തോന്നുന്നില്ല.

(ഡി) CWPRS എന്ന സ്ഥാപനത്തിൽ നിന്നും പഠന റിപ്പോർട്ട് ലഭ്യമായതനുസരിച്ച് ബ്രേക്ക്‌വാട്ടർ നിർമ്മാണത്തിൽ വേണ്ട മാറ്റങ്ങൾ വരുത്തി നിർമ്മാണ പ്രവർത്തനങ്ങൾ ഏർപ്പാടാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

ചെറുവത്തൂർ ഫിഷറീസ് ഹാർബർ

201(409) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുവത്തൂർ ഫിഷറീസ് ഹാർബറിന്റെ നിർമ്മാണോദ്ഘാടനം മാസങ്ങൾ മുമ്പേ കഴിഞ്ഞിട്ടും നിർമ്മാണപ്രവൃത്തി ആരംഭിക്കാൻ കഴിയാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചെറുവത്തൂർ ഫിഷിംഗ് ഹാർബറിന്റെ പ്രധാന ഘടകങ്ങളായ പുലിമുട്ടുകൾ, വാർഫ്, ലേലപ്പുര, പ്രൊട്ടക്ഷൻ ബണ്ട് എന്നീ പ്രവൃത്തികൾക്കായി 03-05-2010-ൽ മുൻയോഗ്യതാ നിർണ്ണയത്തിനും പ്രവൃത്തിക്കുമായി ദർഘാസ് ക്ഷണിക്കുകയും സമർപ്പിച്ച നാല് കരാറുകാരിൽ നിന്ന് മൂന്ന് പേർ യോഗ്യത നേടുകയും ചെയ്തു. യോഗ്യത നേടാത്ത ഒരു കരാറുകാരൻ ബഹു. ഹൈക്കോടതിയിൽ ഒരു കേസ് ഫയൽ ചെയ്തതിനാൽ 22-7-2010-ൽ കോടതി സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

26-10-2010-ലെ ബഹു.ഹൈക്കോടതിയുടെ ഉത്തരവ് ലഭിച്ചശേഷം മാത്രമാണ് തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിച്ചത്. അതിനുശേഷം ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരന്റെ ടെണ്ടർ 15-11-2010-ൽ യോഗം കൂടിയ ഗവൺമെന്റ് ടെണ്ടർ കമ്മിറ്റി പരിഗണിക്കുകയും 2009 ഷെഡ്യൂൾ നിരക്കിലെ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 19% അധിക നിരക്കിൽ ദർഘാസ് അംഗീകരിക്കുകയും ചെയ്തു. ഈ നിരക്കിൽ പ്രവൃത്തി ഏറ്റെടുക്കുവാൻ കരാറുകാരൻ വിസമ്മതിച്ചതിനെതുടർന്ന് 24.39% അധിക നിരക്കിൽ ടിയാന്റെ ദർഘാസിന് അംഗീകാരം നൽകണമെന്ന് ചീഫ് എഞ്ചിനീയർ നൽകിയ ശുപാർശ സർക്കാർ പരിശോധിച്ചുവരുന്നു. ഇതിന്മേൽ ഉചിതമായ തീരുമാനം താമസിയാതെ കൈക്കൊണ്ട് അനുവദനീയമായ നിരക്ക് അംഗീകരിച്ചു നൽകുന്നതാണ്.

പുതിയാപ്പ ഫിഷിംഗ് ഹാർബറിന്റെ നവീകരണ പദ്ധതികൾ

202(410) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട പുതിയാപ്പ ഫിഷിംഗ് ഹാർബറിന്റെ നവീകരണ പദ്ധതികൾ നടക്കുന്നുണ്ടോ ; പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഫിഷിംഗ് ഹാർബറിന്റെ വാർഫിന്റെ നീളം കൂട്ടാത്തതുമൂലം അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട പുതിയാപ്പ ഫിഷിംഗ് ഹാർബറിന്റെ നവീകരണ പ്രവൃത്തികൾ നാഷണൽ ഫിഷറീസ് ഡവലപ്മെന്റ് ബോർഡിന്റെ ധനസഹായത്തോടുകൂടി ചെയ്യുന്നതിനായി 280 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പദ്ധതി രൂപരേഖയ്ക്ക് ഭരണാനുമതി നൽകുകയുണ്ടായി. പ്രസ്തുത പദ്ധതിയിൽ ഫിഷ് ലോഡിംഗ്, പാർക്കിംഗ് ഏരിയായുടെ അഭിവൃദ്ധിപ്പെടുത്തൽ, ജലവിതരണ സംവിധാനം അഭിവൃദ്ധിപ്പെടുത്തൽ, വൈദ്യുതീകരണ ശൃംഖല അഭിവൃദ്ധിപ്പെടുത്തുന്നതിന്റെ ഭാഗമായി 25 മീറ്റർ പൊക്കത്തിലുള്ള 3 ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ, ഡ്രെയിനേജ് സൗകര്യം അഭിവൃദ്ധിപ്പെടുത്തൽ എന്നീ പ്രവൃത്തികൾ ഉൾപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) വാർഫിന്റെ നീളം കൂട്ടാത്തതുകൊണ്ടുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി 150 മീറ്റർ നീളത്തിൽ വാർഫ് നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ അംഗീകാരത്തിന് സമർപ്പിച്ചെങ്കിലും അംഗീകാരം ലഭിച്ചില്ല.

LIBRARY ARCHIVES Kerala Legislative Assembly